**തീയേറ്റർ ആക്ടിവിസത്തെയും ജനകീയ സമരങ്ങളുടെ രാഷ്ട്രീയത്തെയും ഇടതുപക്ഷത്തിന്റെ പ്രതിസന്ധികളെയും കുറിച്ച് സമാന്തര നാടകപ്രവർത്തകനും മാധ്യമപ്രവർത്തകനും ആക്ടിവിസ്റ്റുമായ**

**പർണാബ് മുഖർജി**

**കേരളീയവുമായി സംസാരിക്കുന്നു**

# അസുഖകരമായ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങാം

**പൊളിറ്റിക്കൽ തീയേറ്റർ എന്നാണല്ലോ താങ്കളുടെ നാടകപ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നത്. എന്താണ് രാഷ്ട്രീയ നാടകം? ആക്ടിവിസ്റ്റ് എന്ന നിലയിൽ താങ്കളുടെ രാഷ്ട്രീയ നാടകപ്രവർത്തനത്തെ എങ്ങനെയാണ് അടയാളപ്പെടുത്തുന്നത്?**

ഉള്ളടക്കത്തിന്റെയും സത്യസന്ധമായി ജീവിതാനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്നതിന്റെയും അടിസ്ഥാനത്തിലാണ് രാഷ്ട്രീയ നാടകം നിർണ്ണയിക്കപ്പെടുന്നത്. രാഷ്ട്രീയമായ ഇടപെടലുകൾ നടത്താൻ ആൾക്കൂട്ടത്തെ പ്രേരിപ്പിക്കുന്ന നാടകങ്ങളെയും രാഷ്ട്രീയ നാടകങ്ങൾ എന്ന് പറയാം. ജനസമൂഹത്തിന്റെ ഉള്ളിൽ തട്ടുകയും അവരുടെ പ്രതികരണ ശേഷിയെ ഉണർത്തുകയും സാമൂഹിക മാറ്റത്തിനായി അവരെ സജ്ജരാക്കുകുയും ചെയ്യുക എന്നതാണ് രാഷ്ട്രീയ നാടകപ്രവർത്തകന്റെ ധർമ്മം. ചോദ്യങ്ങൾ ചോദിക്കുന്നതിനും ഒപ്പം പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും രാഷ്ട്രീയ നാടകത്തിന് കഴിയണം. എന്നാൽ ആ ചോദ്യങ്ങൾ, പലരും ചോദിക്കാൻ ഭയപ്പെടുന്ന അസുഖകരമായ ചോദ്യങ്ങളായിരിക്കണം. അപ്പോഴാണ് രാഷ്ട്രീയ നാടകം രാഷ്ട്രീയപരമായി ശരിയാകുന്നത്. രാഷ്ട്രീയനാടക പ്രവർത്തകൻ എന്ന നിലയിൽ ഞാൻ ഏറ്റവും കൂടുതൽ പ്രവർത്തിച്ചിട്ടുള്ളത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആംഡ് ഫോഴ്സസ് സെപ്ഷ്യൻ പവേഴ്സ് ആക്ട് (AFSPA) പിൻവലിക്കുന്നതിന് വേണ്ടിയുള്ള ക്യാമ്പയിനിലാണ്. നടപ്പിലാക്കപ്പെട്ട് 50 വർഷം പിന്നിട്ടിട്ടും അഫ്സ്പ എന്തുകൊണ്ട് ഫലപ്രദമാകുന്നില്ല? പിന്നെ എന്തുകൊണ്ടാണ് അഫ്സ്പ പിൻവലിക്കാത്തത്? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാണ് ഞാൻ രാഷ്ട്രീയ നാടകങ്ങളുമായി ക്യാമ്പയിൻ നടത്തിയത്.

**പട്ടാള നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്യുന്ന മണിപ്പൂരി യുവതി ഇറോം ഷർമ്മിളയാണോ ആ നാടകങ്ങൾക്ക് പാത്രമായത്?**

അല്ല. ഇറോം ഷർമ്മിളയെ കേന്ദ്രീകരിച്ച് നാടകം ചെയ്യാൻ എനിക്ക് കഴിയില്ല, അവരുടെ സമരം എന്നെ പ്രചോദിപ്പിക്കുന്നുണ്ടെങ്കിൽപ്പോലും. കാരണം ഷർമ്മിളയുടെ സമരത്തെക്കുറിച്ചും അസുഖകരമായ ചില ചോദ്യങ്ങൾ എനിക്ക് ചോദിക്കാനുണ്ട്. പട്ടാള നിയമത്തിനെതിരെ നടക്കുന്ന വലിയ ജനകീയ പ്രക്ഷോഭത്തേക്കാൾ വലുതല്ല ഇറോം ഷർമ്മിള. അവരുടെ സമരം അതിന്റെ ഭാഗം മാത്രമാണ്. ഉദ്ദേശ്യത്തേക്കാൾ വ്യക്തി വലുതായി മാറുന്ന അവസ്ഥ അവിടെ നിലനിൽക്കുന്നുണ്ട്. പ്രസ്ഥാനത്തിന്റെ ഭാഗമായി നിൽക്കുന്ന ചില മണിപ്പൂരി ആക്ടിവിസ്റ്റുകൾ ഷർമ്മിളയ്ക്ക് ചുറ്റും ഒരു മതിൽ കെട്ടിയിരിക്കുകയാണ്. ഇറോം ഷർമ്മിള ഒരു ബ്രിട്ടീഷ് പൗരനുമായി പ്രണയത്തിലാണ് എന്ന വാർത്ത പ്രസിദ്ധീകരിച്ച ടെലഗ്രാഫ് പത്രം അവർ മണിപ്പൂരിൽ പിടിച്ചുവച്ചു. കോപ്പികൾ

നശിപ്പിച്ചു. കരുത്തുറ്റ രാഷ്ട്രീയ ഇച്ഛാശക്തിക്കൊപ്പം പ്രണയം പോലെയുള്ള മൃദുലവികാരങ്ങളും ഉള്ളിൽ സൂക്ഷിക്കുന്ന സ്ത്രീയാണ് ഷർമ്മിള എന്ന സത്യം എന്തിനാണ് അവർ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്? ഷർമ്മിളയെ സ്വതന്ത്രമായ അഭിപ്രായം പറയാൻ അവർ അനുവദിക്കാത്തത് എന്തുകൊണ്ടാണ്? പട്ടാളക്കാർ നിഷ്കളങ്കരായ മണിപ്പൂരികളെ കൊന്നൊടുക്കിയ മാലോം സംഭവത്തോടുള്ള പ്രതികരണമായാണ് ഷർമ്മിള നിരാഹാര സമരം ആരംഭിച്ചത്. കൂട്ടക്കൊലയ്ക്കെതിരെ പ്രതികരിക്കുന്നതിനുള്ള അനുചിതമായ മാർഗ്ഗമാണോ ഷർമ്മിള തിരഞ്ഞെടുത്തത് എന്ന് എനിക്ക് സംശയമുണ്ട്. സായുധസേന പ്രത്യേകാധികാര നിയമം ഒരു മാനസികാവസ്ഥയാണ്. പട്ടാളത്തിന് മാത്രമല്ല, മണിപ്പൂരിലെയും നാഗലാന്റിലെയും പോലീസിനും ഇതേ മനോഭാവമാണുള്ളത്. 10 വർഷത്തിൽ അധികമായി ഉപവാസം തുടരുന്ന ഷർമ്മിളയോട് ഉപവാസം നിർത്താൻ എന്തുകൊണ്ടാണ് ആരും ആവശ്യപ്പെടാത്തത്? എന്തുകൊണ്ടാണ് മറ്റൊരാൾ അത് തുടരാത്തത്? അത്തരം അസുഖകരമായ ചോദ്യങ്ങൾ കൂടി ചോദിക്കുന്ന പൊളിറ്റിക്കൽ തീയേറ്ററാണ് വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് ഷർമ്മിള എന്ന വിഷയത്തിൽ ഒതുങ്ങി നിന്നുകൊണ്ട് ഞാൻ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പട്ടാളകരിനിയമങ്ങൾക്കെതിരെ നാടകം അവതരിപ്പിക്കാൻ എനിക്ക് കഴിയില്ല. അസുഖകരമായ യാഥാർത്ഥ്യങ്ങൾക്ക് നേരെയുള്ള അസുഖകരമായ ചോദ്യങ്ങളാണ് രാഷ്ട്രീയ നാടകത്തിന്റെ ഹൃദയം.

**താങ്കൾ വിഭാവനം ചെയ്യുന്ന രാഷ്ട്രീയ നാടകങ്ങൾക്ക് പ്രത്യക്ഷത്തിൽ എതെങ്കിലും രാഷ്ട്രീയ ആശയസംഹിതകളുമായി ബന്ധമുണ്ടോ?**

ഇല്ല. അസുഖകരമായ ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം എവിടെയെല്ലാം തടയപ്പെടുന്നുണ്ടോ അതിനെയെല്ലാം മറികടന്ന് ചോദ്യങ്ങൾ ചോദിക്കുക എന്നതുതന്നെയാണ് രാഷ്ട്രീയ നാടകവേദിയുടെ രാഷ്ട്രീയം. അത്തരം ചോദ്യങ്ങൾ ചോദിച്ച ധൈര്യശാലികളായ കലാകാരന്മാരുടെ പാരമ്പര്യമുള്ള നാടാണ് ഇന്ത്യ. കേരളത്തിൽ ബഷീർ മുതൽ ഒ. വി. വിജയൻ വരെയും ബംഗാളിൽ സുഭാഷ് മുഖർജി മുതൽ നിർമ്മൽ വർമ്മവരെയുള്ളവർ അതിന് ശ്രമിച്ചിരുന്നു. ഞാൻ വിഭാവനം ചെയ്യുന്ന രാഷ്ട്രീയ നാടകങ്ങളുടെ രാഷ്ട്രീയം അതാണ്. ഗാന്ധിയൻ – ഇടത് പ്രത്യയശാസ്ത്രമാണ് എന്റെ നാടകങ്ങളുടെ രാഷ്ട്രീയ പശ്ചാത്തലം. ഈ രണ്ട് പ്രത്യയശാസ്ത്രങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങൾ ഇല്ല എന്നാണ് എന്റെ അഭിപ്രായം. വലതുപക്ഷ ഫണ്ടമെന്റലിസത്തിനും സ്റ്റാലിനിസ്റ്റ് ഫാസിസത്തിനും ഞാൻ എതിരാണ്. വ്യവസ്ഥാപിത ഇന്ത്യൻ ഇടതുപക്ഷത്തിന് സ്റ്റാലിനിസത്തോട് എതിർപ്പില്ല എന്നതാണ് അവരുടെ പരാജയം. എം.എൻ. റോയിയെപ്പോലെയും മണിപ്പൂരി കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായ ഹിജാം ഇറാബോത്തിനെയും പോലെയുള്ള മാനവിക മൂല്യങ്ങളുള്ള നേതാക്കളെ മനസ്സിലാക്കാൻ ഇന്ത്യയിലെ മുഖ്യധാരാ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് കഴിയാതെ പോയി. രാഷ്ട്രീയ നിലപാടുകളുണ്ടെങ്കിലും ഇടതിനെയും വലതിനെയും പക്ഷപാതമില്ലാതെ വിമർശിക്കുന്നതിൽ എന്റെ നാടകങ്ങൾ മടി കാണിക്കാറില്ല.



പർണാബ് മുഖർജി

**രാഷ്ട്രീയ നാടകവേദി സാമൂഹികവും സാംസ്കാരികവുമായ ഇടം കണ്ടെത്തുന്നത് എവിടെയെല്ലാമാണ്?**

സാമൂഹിക പ്രസ്ഥാനങ്ങളും ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട സാംസ്കാരിക ഇടപെടലായാണ് രാഷ്ട്രീയ നാടകവേദി ഉയർന്നുവരേണ്ടത്. സാമൂഹിക പ്രസ്ഥാനങ്ങൾക്ക് സമാന്തരമായി സാംസ്കാരിക ഡോക്യുമെന്റേഷൻ നടത്തുക എന്ന ധർമ്മമാണ് രാഷ്ട്രീയ നാടകവേദി ഏറ്റെടുക്കേണ്ടത്. അത്തരം സാംസ്കാരിക ഡോക്യുമെന്റേഷൻ നടക്കാത്തതിന്റെ അപാകത ഇപ്പോൾ സാമൂഹിക പ്രസ്ഥാനങ്ങൾക്കുണ്ട്. പ്രചാരണ മാധ്യമങ്ങളായി (mouth piece commodity) മാത്രമാണ് സാമൂഹിക പ്രസ്ഥാനങ്ങൾ രാഷ്ട്രീയ നാടകങ്ങളെ പരിഗണിക്കുന്നത്. നർമ്മദ മുതൽ ചെങ്ങറ വരെയുള്ള ജനകീയ സമരങ്ങൾ സമരങ്ങളുടെ സാംസ്കാരിക പരിണാമത്തെക്കുറിച്ച് അജ്ഞരാണ്. സാംസ്കാരിക ഡോക്യുമെന്റേഷൻ നടത്തേണ്ടതിന്റെ പ്രാധാന്യം അവർ തിരിച്ചറിയുന്നില്ല. സംസ്കാരത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് സംസാരിക്കുന്നതിനാണ് ഞാൻ രാഷ്ട്രീയ നാടകങ്ങൾ ഉപയോഗിക്കുന്നത്. സാങ്കേതിക വിദ്യയുടെ രാഷ്ട്രീയവും പരിസ്ഥിതിയുടെ രാഷ്ട്രീയവുമെല്ലാം നമ്മൾ സമരങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാറുണ്ട്. അതിന് സമാന്തരമായ കാര്യമായിരുന്നിട്ടും സംസ്കാരത്തിന്റെ രാഷ്ട്രീയം ആ വിധത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല. ജനകീയ സമരങ്ങളുടെ ഭാഗമായി പ്രചാരണ നാടകങ്ങളായി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങൾ മാമൂൽപ്രകാരമുള്ള തെരുവ് നാടകങ്ങളാണ്. രാഷ്ട്രീയമായ തെറ്റ് (politically incorrect) എന്ന് വിമർശിക്കപ്പെടാൻ ഇടയുണ്ടെങ്കിലും അത്തരം മാമൂൽ തെരുവ് നാടകങ്ങളെ പൊളിച്ചെഴുതേണ്ടതുണ്ട്. ബാദൽ സർക്കാറിനെയും ഗുരുശരൺ സിംഗിനെയും പോലെയുള്ള അപൂർവ്വ തീയേറ്റർ കലാകാരന്മാർക്ക് മാത്രമെ മാമൂൽസങ്കൽപ്പങ്ങളെ പൊളിച്ചെഴുതാൻ കഴിഞ്ഞിട്ടുള്ളൂ.

**ബാദൽ സർക്കാറുമായുള്ള ദീർഘകാല ബന്ധം താങ്കളുടെ നാടക ജീവിതത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്?**

നാടകാവതരണത്തിനായുള്ള ഇടം എന്നതിന്റെ രാഷ്ട്രീയം (politics of space) പറഞ്ഞുതന്നത് ബാദൽദായായിരുന്നു. ഇടത്തിനനുസരിച്ച് നാടകം രൂപപ്പെടുത്തുക എന്നതിൽ അദ്ദേഹത്തോളം ആഴത്തിൽ സഞ്ചരിച്ചവർ ഇന്ത്യൻ നാടകവേദിയിൽ കുറവാണ്. തെരുവോ, ഓഡിറ്റോറിയമോ, ഓഫീസ് മുറിയോ ആകട്ടെ തീയേറ്റർ സ്പെയിസ് ആയി പരിവർത്തനപ്പെടുത്താൻ അദ്ദേഹത്തിന് അനായാസം കഴിഞ്ഞിരുന്നു. തെരുവിൽ സ്വാഭാവികമായുണ്ടാകുന്ന ഒരു ശബ്ദം പോലും നാടകത്തിൽ

ഉൾക്കൊള്ളിക്കാനുള്ള ഭാവന അദ്ദേഹത്തിനുണ്ടായിരുന്നു. ബാദൽദായുടെ നാടകം നടക്കുമ്പോൾ ഓഡിറ്റോറിയത്തിൽ കാണികളിരിക്കുന്ന ഇടം വരെ സ്വാഭാവികമായും നാടകാവ തരണത്തിനുള്ള സ്ഥലമായി മാറും. ഇടത്തിന്റെ ഇലാസ്തി കതയാണ് അദ്ദേഹത്തിന്റെ വൈഭവം. അതാണ് അദ്ദേഹം പകർന്നുതന്ന പ്രധാന പാഠം. വഹനീയത്വം (portability), വഴക്കം (flexibility), സ്വാതന്ത്രത (free) എന്നതായിരുന്നു അദ്ദേഹത്തിന്റെ തീയേറ്റർ ഫോർമുല. നാടകത്തെ നമുക്ക് വേണമെങ്കിൽ നിങ്ങൾക്ക് പോക്കറ്റിലിട്ടുകൊണ്ട് നടക്കാം. പ്രത്യേക വേഷഭൂഷാദികൾ ആവശ്യമില്ല. നിങ്ങളുടെ ജീവി തത്തിന്റെ ഭാഗമായി എവിടെ, എപ്പോൾ വേണമെങ്കിലും നാടകം സംഭവിക്കും. ഒരു സന്ദേശം പല രൂപങ്ങളിൽ സംഭ

**വ്യത്യസ്തമായ കാര്യങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്ന പ്രസ്ഥാനങ്ങളെ ഒരു സംഘത്തിന് കീഴിൽ കൊണ്ടുവരേണ്ടതില്ല എന്നാണ് ഞാൻ കരുതുന്നത്. പ്രതിനിധാനം ചെയ്യുന്ന വിഷയങ്ങളുടെ സമാനതയെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുസംഘങ്ങൾക്കാണ് അതിലേറെ സാധ്യതയുള്ളത്. വിഷയാടിസ്ഥാനത്തിൽ യോജിക്കാൻ കഴിയുന്ന സഖ്യങ്ങളാണ് ഒറ്റക്കുടക്കീഴിലെ മഴവിൽ സഖ്യങ്ങളേക്കാൾ മികച്ചത്**

വിക്കും. പണം മുടക്കാനുള്ള ശേഷിക്കനുസരിച്ചല്ല ബാദൽദാ കാണികളെ നിശ്ചയിച്ചിരുന്നത്. ടിക്കറ്റ് വച്ച് ഒരിക്കലും അദ്ദേഹം നാടകം നടത്തിയിരുന്നില്ല. പണം നാടകത്തിന് ശേഷം പിരിക്കുകയായിരുന്നു പതിവ്. ഇത്തരം വിശാല പാഠ ങ്ങളായിരുന്നു രാഷ്ട്രീയ നാടകവേദിക്ക് അദ്ദേഹം നൽകിയ സംഭാവന.

**ബാദൽദായ്ക്ക് ശേഷം എന്താണ് ഇന്ത്യയിലെ രാഷ്ട്രീയ നാടകങ്ങളുടെയും തെരുവ് നാടങ്ങളു ടെയും അവസ്ഥ?**

തെരുവ് നാടകങ്ങളെ രാഷ്ട്രീയ പാർട്ടികൾ പ്രചാരണ പരി പാടികൾക്കായി ഏറ്റെടുത്തിരിക്കുകയാണ് ഇപ്പോൾ. സഫ്ദർ ഹഷ്മിയാണ് തെരുവ് നാടകങ്ങളിൽ അവരുടെ മാതൃക. സഫ്ദർ ഒരു മികച്ച നാടകപ്രവർത്തകനല്ല. തെരുവ് നാടക ങ്ങളിൽ പുതിയതായൊന്നും അദ്ദേഹത്തിന് നൽകാൻ കഴി ഞ്ഞിട്ടില്ല. രചനകൾ മികച്ചതായിരുന്നു. കുട്ടികൾക്കായി അദ്ദേ ഹം എഴുതിയതെല്ലാം എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. കുട്ടിക ളുടെ ഗ്രന്ഥകാരൻ എന്ന നിലയിൽ സഫ്ദർ വളരെ കുറച്ച് മാത്രമാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. തെരുവ്നാടകങ്ങളുടെ അഗ്രഗാമി എന്ന നിലയിലാണ് അദ്ദേഹം കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ തെരുവ് നാടകങ്ങൾ മികച്ചവയാണെന്ന് എനിക്ക് അഭിപ്രായമില്ല. ബാദൽദായും ഗുരുശരൺ സിംഗുമാണ് തെരുവ് നാടകങ്ങളിൽ വിപ്ലവാത്മ കമായ പരീക്ഷണങ്ങൾ ഇന്ത്യയിൽ നടത്തിയിട്ടുള്ളത്. പലരും മികച്ച രചനകൾ നടത്തിയിട്ടുണ്ടെങ്കിലും രംഗപ്ര യോഗങ്ങളിൽ മാറ്റം വരുത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. ബാദൽദായ്ക്ക് ശേഷം അത്ര തീവ്രമായി തെരുവ് നാടകങ്ങ ളുടെ ചരിത്രം പൊളിച്ചെഴുതിയവർ ഇന്ത്യയിലുണ്ടായിട്ടില്ല.

**കേരളത്തിലെ രാഷ്ട്രീയ നാടകങ്ങളെയും സമകാ ലിക മലായള നാടകവേദിയെക്കുറിച്ചുമുള്ള നിരീ ക്ഷണങ്ങൾ?**

പരീക്ഷണങ്ങൾ നടത്താനുള്ള രോഷാകുലത കേരളത്തിലെ നാടകവേദിക്ക് നഷ്ടമായിരിക്കുന്നു. എന്നാൽ നാരായണ പണിക്കരിൽ നിന്നും ശങ്കർ വെങ്കിടേശ്വരനിലേക്കെത്തുമ്പോ ഴേക്കും നാടകങ്ങളുടെ തീവ്രത കൂടിയിട്ടുണ്ട്. എന്നാൽ ബഹു ഭൂരിപക്ഷം മലയാളി നാടകപ്രവർത്തകരം രൂക്ഷമായ പ്രത്യ ശാസ്ത്ര പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. സങ്കൽപ്പത്തിലു ണ്ടായിരുന്ന ഇടതുപക്ഷത്തിനൊപ്പമോ അതോ അധികാര ത്തിലുള്ള ഇടതുപക്ഷത്തിനൊപ്പമോ നിൽക്കേണ്ടത് എന്ന സംശയം അവരെ ബാധിക്കുന്നുണ്ട്. ബംഗാളിലുമുണ്ട് സമാ നമായ പ്രതിസന്ധി. 1978ന് മുമ്പ് ബംഗാളിലെ വലതുപക്ഷ യാഥാസ്ഥിതിക ഭരണത്തോട് കലഹിച്ചിരുന്ന നാടകക്കാർ ഇടതുപക്ഷം അധികാരത്തിൽ വന്ന ശേഷം ഭര ണപക്ഷത്തിന്റെ ഭാഗമായി. പിന്നെ അവർക്ക് ഒന്നും ശബ്ദിക്കേണ്ടി വന്നിട്ടില്ല. കഴിഞ്ഞ 34 വർഷം കൊണ്ട് അവർ പൂർണ്ണമായും നിശ്ശബ്ദ രായി. നന്ദിഗ്രാമിനെതിരെയുണ്ടായ പലരുടെയും നിശ്ശബ്ദതയ്ക്ക് കാരണം അതായിരുന്നു. ഇട തുപക്ഷം എത്തിനിൽക്കുന്ന പ്രത്യശാസ്ത്ര പ്രതിസന്ധി അവർ അംഗീകരിക്കുന്നില്ല എന്ന താണ് അതിലും വലിയ പ്രതിസന്ധി. മുഖ്യ ധാരയ്ക്ക് പുറത്തുള്ള ഇന്ത്യയിലെ ഇടത്പ്ര സ്ഥാനങ്ങളെക്കുറിച്ച് അവർക്ക് മൗനം പാലി ക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. രാഷ്ട്രീയ നാടകങ്ങൾ ആ പ്രതിസന്ധിയിൽ നിന്നും പുറത്തുകടക്കാൻ ശ്രമിക്കണം.

**ബംഗാൾ പരാജയത്തിൽ നിന്നുള്ള പാഠങ്ങൾ മുഖ്യധാരാ ഇടതുപക്ഷത്തിൽ മാറ്റമുണ്ടാക്കു ന്നുണ്ടോ? അതോ ജനകീയ രാഷ്ട്രീയത്തെക്കുറിച്ച് നിലപാടെടുക്കുന്നതിൽ പരാജയപ്പെട്ട് അവർ അപ്ര സക്തരാവുകയാണോ?**

മാവോയിസ്റ്റ് പ്രതിസന്ധിയെ സൈനികമായി നേരിടുക എന്ന തായിരുന്നു ബംഗാളിലെ സി.പി.എം നയം. സൈനികേതര മായ സംവാദങ്ങൾക്ക് അവർ തയ്യാറായിരുന്നില്ല. സംഭാഷ ണത്തിന് തയ്യാറാകാത്തിടത്തോളം കാലം നിങ്ങൾ പുതിയ മണിപ്പൂരുകൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കും. മാവോയിസ്റ്റ് ശക്തി കേന്ദ്രങ്ങളിലെല്ലാമുള്ള ആദിവാസി – ദളിത് ജനവി ഭാഗങ്ങളുടെ ജീവിതങ്ങൾ ദാരിദ്ര്യത്തോട് മല്ലിട്ടുകൊണ്ടാണ് ദിനംപ്രതി മുന്നോട്ട് പോകുന്നത്. ആ സാഹചര്യത്തെ തീർച്ച യായും അഭിമുഖീകരിക്കേണ്ടതുണ്ട്.

കോർപ്പറേറ്റുകളുടെ കാര്യത്തിലും ഇടതുപക്ഷത്തിന് വ്യക്തമായ നയമില്ല. കോർപ്പറേറ്റ് ഭീമന്മാർക്ക് വേണ്ടി ഇന്ത്യയെ വിറ്റുതുലയ്ക്കുന്നതിൽ മുഖ്യധാരാ ഇടതുപക്ഷം വേണ്ടത്ര എതിർപ്പ് പ്രകടിപ്പിക്കുന്നില്ല. ബഹുരാഷ്ട്ര കുത്ത കകളുടെ ജനവിരുദ്ധമായ ഇടപെടലുകൾക്കെതിരെ എവി ടെയെങ്കിലും അവർ സമരം ചെയ്യുന്നുണ്ടോ? വർഗ്ഗീയതയ്ക്കെ തിരെ മാത്രമാണ് അവർക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുള്ളത്. വർഗ്ഗീയ ഭീഷണിയോളം തന്നെ മാരകമായ കോർപ്പറേറ്റ് ഭീകരതയെക്കുറിച്ച് അവർ മൗനം പാലിക്കുന്നു. പൊതുവിഭവങ്ങൾ കൊള്ളയടിക്കുന്നതിൽ എല്ലാ രാഷ്ട്രീയകക്ഷികളും സർവ്വസമ്മതരായി മാറുന്നു. വൻ തോതിൽ വിഭവങ്ങൾ കൊള്ളയടിക്കുന്ന ലാവാസ പ്രോജക്ടിന് പാരിസ്ഥിതിക അനുമതി നൽകുന്നതിൽ എല്ലാ

വരും ഒറ്റക്കെട്ടായിരുന്നു. സംഘപരിവാർ പോലെ തന്നെയാണ് കോർപ്പറേറ്റുകൾ എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കോർപ്പറേറ്റ് രാജിനെതിരെയുള്ള ശക്തമായ ക്യാമ്പയിനുകൾ തുടങ്ങുകയാണ് ഇടതുപക്ഷം ചെയ്യേണ്ടത്.

ലോകത്തിലെ ഏറ്റവും വലിയ വിത്തുകുത്തകയായ മൊൺസാന്റോയ്ക്കെതിരെ ഒരു സി.പി.എം നേതാവും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. അതുപോലെ തന്നെയാണ് മണിപ്പൂരിലെ സി.പി.എം അഫ്സ്പയെക്കുറിച്ച് സംസാരിക്കാതിരിക്കുന്നതും. സി.പി.എമ്മിന് ശക്തമായ രാഷ്ട്രീയ അടിത്തറയുള്ള സ്ഥലമായിരുന്നു വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ. ആസ്സാമിലെ തേയില പ്ലാന്റേഷനുകളിൽ നടന്ന തൊഴിലാളി സമരങ്ങളിലൂടെ ആർജ്ജിച്ച ജനപിന്തുണ ഇന്ന് അവർക്ക് അവിടെയില്ല. തൊഴിലാളികൾക്കിടയിൽ ഇടതു ട്രേഡ് യൂണിയനിസത്തിന് സ്വീകാര്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ധൻബാദിലെ ഖനിത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന എ.കെ. റോയിയെപ്പോലെയുള്ള ഗാന്ധിയൻ മാർക്സിസ്റ്റുകളെ മനസ്സിലാക്കാൻ സി.പി.എമ്മിന് കഴിയാതെ പോയി. സി.പി.എമ്മിൽ നിന്നും പുറത്താക്കപ്പെട്ട ശേഷം മാർക്സിസ്റ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി എന്ന പാർട്ടി രൂപീകരിച്ച അദ്ദേഹം ഇപ്പോൾ ഒറ്റയ്ക്കാണ് കൽക്കരി മാഫിയയ്ക്കെതിരെ ശക്തമായ സമരങ്ങൾ നടത്തുന്നത്. അതുപോലെ മഹത്തായ പ്രവർത്തനങ്ങൾ തൊഴിലാളികൾക്കിടയിൽ നടത്തിയ ശങ്കർഗുഹാ നിയോഗിയെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഇന്ത്യൻ മാർക്സിസ്റ്റുകൾ അജ്ഞരാണ്. അവർ പൂർണ്ണമായും കോർപ്പറേറ്റ് മാർക്സിസ്റ്റുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു.

**കോർപ്പറേറ്റ് രാജിനെതിരെയുള്ള ശക്തമായ ചെറുത്ത് നില്പ്പ് മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ മുൻകൈയിലല്ലാതെ നടക്കുന്ന ജനകീയ സമരങ്ങളിലൂടെ ഉയർന്നുവരാനാണോ സാധ്യത?**

ചെറിയ ജനകീയ പ്രസ്ഥാനങ്ങൾ പലതും വളരെ വിജയകരമായി അത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അരുണാചൽ പ്രദേശിലെ സുബാൻശ്രീ നദീസംരക്ഷണ പോരാട്ടങ്ങളും തീസ്ത നദിയിലെ ഡാമുകൾക്കെതിരെ നടക്കുന്ന സമരവും (തീസ്ത നദിയുടെ ഘടന തന്നെ മാറ്റുന്ന രീതിയിലുള്ള വലിയ ഡാമുകളാണ് അവിടെ വന്നുകൊണ്ടിരിക്കുന്നത്) ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യ(എൻ.എ.പി.എം)ത്തിന്റെ പോലും ലിസ്റ്റിൽ ഇല്ലാത്ത ചെറിയ സമരങ്ങളാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നടക്കുന്ന അത്തരം ചെറിയ ജനകീയ സമരങ്ങളിലാണ് എനിക്ക് പ്രതീക്ഷയുള്ളത്. കോർപ്പറേറ്റുകൾക്കെതിരെ ഫലപ്രദമായ ചെറുത്തുനിൽപ്പുകൾ അവർ നടത്തുന്നുണ്ട്.

നന്ദിഗ്രാമിലെ ചെറുത്ത് നിൽപ്പ്, ആസ്സാമിലെ മാജുലി ഇക്കോളജിക്കൽ മൂവ്മെന്റ്, ആസാമിലെ തേയില തോട്ടങ്ങളിലെ ആദിവാസികളുടെ സമരങ്ങൾ, ദില്ലിയിലെ മനേസർ മാരുതി പ്ലാന്റിൽ നടന്ന തൊഴിലാളികളുടെ സമരം, വംശനാശ ഭീഷണി നേരിടുന്ന ഹംഗൂൽ മാനുകളെ സംരക്ഷിക്കുന്നതിനായി കാശ്മീരിൽ നടക്കുന്ന സമരം, കാശ്മീരിലെ കാണാതായ ചെറുപ്പക്കാരുടെ അമ്മമാരുടെ പ്രസ്ഥാനം (parents of disappeared persons) തുടങ്ങിയവ ഒരു കുടക്കീഴിലല്ലാതെയിരുന്നിട്ടും കുഴപ്പം പിടിച്ച കോർപ്പറേറ്റ് രാജിനെതിരെ പ്രതിരോധങ്ങളുടെ പരമ്പരകൾ തീർക്കുന്നുണ്ട്.

വ്യത്യസ്തമായ കാര്യങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്ന പ്രസ്ഥാനങ്ങളെ ഒരു സംഘത്തിന് കീഴിൽ കൊണ്ടുവരേണ്ടതില്ല എന്നാണ് ഞാൻ കരുതുന്നത്. പ്രതിനിധാനം ചെയ്യുന്ന വിഷയങ്ങളുടെ സമാനതയെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുസംഘങ്ങൾക്കാണ് അതിലേറെ സാധ്യതയുള്ളത്. പശ്ചിമഘട്ട സംരക്ഷണ പ്രസ്ഥാനങ്ങളും ഹംഗൂൽ മാനുകളെ സംരക്ഷിക്കുന്നതിനുള്ള ജമ്മുകാശ്മീരിലെ പ്രസ്ഥാനങ്ങളും തമ്മിൽ പല കാര്യങ്ങളിലും യോജിപ്പിലെത്താൻ കഴിയും. വിഷയാടിസ്ഥാനത്തിൽ യോജിക്കാൻ കഴിയുന്ന അത്തരം തന്ത്രപരമായ സഖ്യങ്ങളാണ് വേണ്ടത്. ഒറ്റക്കുടക്കീഴിലെ മഴവിൽ സഖ്യങ്ങളേക്കാൾ മികച്ചത് അതായിരിക്കും. മഴവിൽ സഖ്യങ്ങളുടെ നേതാക്കന്മാർ താരങ്ങളായി മാറുകയും ലോകത്തെമ്പാടുമുള്ള അവാർഡുകൾ അവരെ തേടിയെത്തുകയുമാണ് ഇപ്പോൾ സംഭവിക്കുന്നത്. അവരോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെയാണ് ഇത് പറയുന്നത്. സഖ്യങ്ങൾക്ക് അമിതപ്രാധാന്യം കിട്ടുമ്പോൾ ഒറ്റപ്പെട്ടതും നിർണ്ണായകവുമായ പ്രവർത്തനങ്ങൾ പലതും ഫ്രെയിമുകൾക്ക് പുറത്താകുന്നു.

ആസ്സാമിലെ സംഘർഷ ബാധിതപ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി സ്കൂൾ നടത്തുന്ന ഗുവാഹത്തിയിലെ മലയാളി ഫാ. പി.എം. തോമസിനെപ്പോലെയുള്ളവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല. കലാപങ്ങളിൽ മരണമടഞ്ഞ പട്ടാള ഉദ്യോഗസ്ഥന്മാരുടെ കുട്ടികളും തീവ്രവാദികളുടെ കുട്ടികളും ഒരുമിച്ചാണ് അദ്ദേഹത്തിന്റെ സ്കൂളിൽ പഠിക്കുന്നത്. ഒറ്റപ്പെട്ട പ്രസ്ഥാനങ്ങൾക്കും അവയുടേതായ പ്രാധാന്യവും കരുത്തുമുണ്ട്.

**മാധ്യമപ്രവർത്തകൻ കൂടിയായ താങ്കൾ സമകാലിക മാധ്യമ രംഗത്തെ എങ്ങനെ വിലയിരുത്തുന്നു?**

2000 ന് ശേഷം മാധ്യമരംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. എഡിറ്ററെ അടിസ്ഥാനപ്പെടുത്തി നിലനിന്നിരുന്ന മാധ്യമങ്ങളുടെ കാലം അസ്തമിക്കുകയും പത്രമുതലാളിമാരെ അടിസ്ഥാനപ്പെടുത്തിയുള്ള മാധ്യമങ്ങൾ കൂടുതലായി രംഗപ്രവേശം ചെയ്യുകയും ചെയ്തു. അതോടെ മുതലാളിമാരുടെ താത്പര്യങ്ങൾക്ക് കൂടുതൽ ഇടം ലഭിക്കുകയും സാമൂഹിക താത്പര്യങ്ങൾ മാധ്യമങ്ങളിൽ നിന്നും അപ്രത്യക്ഷമാവുകയും ചെയ്തു. സാമൂഹ്യമായ അനീതിയാണ് ഇപ്പോൾ മാധ്യമങ്ങളിലൂടെ പ്രതിഫലിക്കുന്നത്.

കൊൽക്കത്തയിലെ റിസ്വാനുർ റഹ്മാന്റെ കേസ് അതിന് ഒരു ഉദാഹരണമാണ്. കൊൽക്കത്തയിലെ വൻ വ്യവസായിയായ അശോക് തോടിയുടെ പുത്രി പ്രിയങ്ക തോടിയെ വിവാഹം കഴിച്ചതിന്റെ പേരിലാണ് റിസ്വാൻ കൊല്ലപ്പെടുന്നത്. എന്നാൽ കൊലപാതകം ആത്മഹത്യയാക്കി മാറ്റി പ്രതികൾ രക്ഷപെടുകയായിരുന്നു. മാധ്യമങ്ങളൊന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന റിസ്വാനിന്റെ മരണത്തിന് പിന്നിലെ സത്യം അന്വേഷിച്ചിറങ്ങാൻ തയ്യാറായില്ല. ജെസീക്കലാൽ കേസിന് കിട്ടിയ പ്രാധാന്യം റിസ്വാനിന് കേസിന് കിട്ടില്ല എന്നതാണ് മാധ്യമങ്ങളിൽ നിലനിൽക്കുന്ന സാമൂഹിക അനീതി. നീതിയെക്കുറിച്ച് മാധ്യമങ്ങൾ ഏറെ സംസാരിക്കുന്നുണ്ടെങ്കിലും നീതി നിറവേറ്റാൻ അവർക്ക് കഴിയുന്നില്ല. അത് വളരെ പ്രയാസമുള്ള കാര്യമാണ്. ആക്ടിവിസ്റ്റ് മാധ്യമങ്ങൾക്കാണ്, അതിന്റെ എല്ലാ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, അത്തരമൊരു ധർമ്മം നിർവ്വഹിക്കാൻ കഴിയുന്നത്.